പതിമൂന്നാം കേരളനിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.335 28.06.2011-ൽ മറുപടിക്ക്.

ത്രിതല പഞ്ചായത്തുകളുടെ പദ്ധതി രൂപീകരണവും, നിർവ്വഹണവും, ഫണ്ട് വിനിയോഗവും

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.തോമസ് ഉണ്ണിയാടൻ | | ശ്രീ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) | |
| (എ) | ത്രിതല പഞ്ചായത്തുകളുടെ പദ്ധതി രൂപികരണവും നിർവ്വഹണവും സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയാത്തത് സംബന്ധിച്ച് മുൻ വർഷങ്ങളിൽ ഉയർന്നുവന്നിട്ടുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | എങ്കിൽ ത്രിതല പഞ്ചായത്തുകളുടെപദ്ധതിരൂപീകരണവും നിർവ്വഹണവും കുറ്റമറ്റതാക്കാൻ ഉദ്ദേശിയ്ക്കുന്നുണ്ടോ; വിശദാംശങ്ങൾ നല്കുമോ; | (ബി) & (സി) | സാമ്പത്തികവർഷാരംഭത്തിൽ തന്നെ പദ്ധതി നിർവഹണം ആരംഭിക്കാൻ കഴിയുംവിധം പദ്ധതികൾക്ക് മുൻകൂട്ടി അംഗീകാരം നേടുന്നതിനുള്ള നടപടികൾ 2010-11 മുതൽ സ്വീകരിച്ചുവരികയാണ്. മുൻ വർഷം 33 തദ്ദേശഭരണ സ്ഥാപനങ്ങൾ ഏപ്രിൽ 1-ന് മുൻപ് അംഗീകാരം നേടുകയുണ്ടായി. നടപ്പ് വർഷം 202 തദ്ദേശഭരണസ്ഥാപനങ്ങൾ ഏപ്രിൽ 1-ന്മുൻപ്അംഗീകാരം നേടിയിട്ടുണ്ട്. മാർച്ച്ആദ്യംതെരഞ്ഞെടുപ്പ്പ്രഖ്യാപിച്ചതു കാരണം പെരുമാറ്റച്ചട്ടം നിലവിൽ വന്നതു കൊണ്ടാണ് മറ്റ് |
| (സി) | തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ സാമ്പത്തികവർഷത്തിന്റെ അവസാന മാസങ്ങളിൽ ധൃതിപിടിച്ച്ഫണ്ട് ചെലവഴിക്കുന്ന പ്രവണത അവസാനിപ്പിച്ച് ഫലപ്രദമായ ഫണ്ട് വിനിയോഗം സാധ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിയ്ക്കുമോ? | | |

തദ്ദേശഭരണസ്ഥാപനങ്ങൾക്ക് തുടർ നടപടി സ്വീകരിച്ച് അംഗീകാരം നേടാൻകഴിയാതിരുന്നത്. നടപ്പു വർഷത്തെ പദ്ധതിക്ക് എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും ജൂലൈ 11-നകം അംഗീകാരം നേടണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതി നിർവഹണംകാര്യക്ഷമമാക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.

(1)എസ്റ്റിമേറ്റുകൾ തയ്യാറാക്കി സാങ്കേതികാനുമതി നേടുന്നതിലെ കാലതാമസംഒഴിവാക്കാനായിപ്രോജക്ടുകളോടൊപ്പംഎസ്റ്റിമേറ്റുകൾ കൂടി സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(2) സാങ്കേതികാനുമതി നൽകുന്ന പ്രക്രിയസമയബന്ധിതമായി പൂർത്തിയാക്കണമെന്ന്ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(3)ഓരോ മാസത്തിന്റെ ആരംഭത്തിലുംതദ്ദേശഭരണസ്ഥാപനത്തിലും ജില്ലാതലത്തിലും യോഗം ചേർന്ന് പദ്ധതി നിർവഹണത്തിന്റെ പുരോഗതി അവലോകനം നടത്തുന്നതാണ്.

സെക്ഷൻ ആഫീസർ.